*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ ഡിസംബർ 15, 2003**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 24A

**ഒക്ടോബർ 2003**

## സേവയും യോഗവും

ഓം.... ഓം.... ഓം....
*സായിരാം*

*ഭഗവാന്റെ പാദപത്മങ്ങളിൽ പ്രണാമങ്ങളോടെ,*

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!

## എന്താണ് യോഗം?




ആളുകൾ 'സായീവിവേകമുത്തുകൾ' ആസ്വദിക്കുന്നുവെന്നും ഞങ്ങളിൽനിന്നും കൂടുതൽ കൂടുതൽ വിവരങ്ങൾക്കായി കാത്തിരിക്കുന്നുവെന്നും കേൾക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

സായി കുൽവന്ത് ഹാളിൽവച്ച് 2003 ഒക്ടോബർ 28-ന് നടത്തപ്പെട്ട ആ സെമിനാറിനെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. വൈസ്-ചാൻസലർമാരുടെ അഖിലേന്ത്യാ കോൺഫറൻസിന്റെ(All India Vice-Chancellors" Conference) ഇടയ്ക്ക് ഒരു ദിവസം, ശ്രീ സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ലേണിംഗിലെ വിദ്യാർത്ഥികൾ ഒരു സെമിനാർ സംഘടിപ്പിക്കണം എന്ന് ഭഗവാൻ ഇച്ഛിക്കുകയുണ്ടായി. ഇതുവഴി, സ്വാമിയുടെ നേരിട്ടുള്ള ദിവ്യമാർഗനിർദ്ദേശപ്രകാരം എന്താണ് സംഭവിക്കുന്നത് എന്ന് വൈസ്-ചാൻസലർമാർക്ക് കുറച്ച് ആശയം കിട്ടും.



ഗ്രാമസേവയെപ്പറ്റി വിദ്യാർത്ഥികളുടെ അവതരണം

സെമിനാറിന്റെ വിഷയം ഗ്രാമപദ്ധതി(village project), ഒരു ഗ്രാമീണ വികസന പദ്ധതി(Rural Development programme) ആയിരുന്നു. ഗ്രാമ വികസന പദ്ധതിയെപ്പറ്റി എല്ലാ വിദ്യാർത്ഥികളും വ്യത്യസ്ത കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയുണ്ടായി, ഓരോ നിമിഷവും സ്വാമി എപ്രകാരമാണ് അവരെ നയിച്ചത് എന്നും.

ഈ സെമിനാറിൽ വിദ്യാർത്ഥികൾ പകർന്നുനൽകിയ പ്രധാന ഭാഗങ്ങളിൽ ചിലതിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ ഞാൻ ശ്രമിക്കാം. ഞാനിതിന് 'സേവായോഗം' എന്ന് തലക്കെട്ട് നൽകുകയാണ്. സേവ എന്നത് സേവനം; യോഗം എന്നത് ആദ്ധ്യാത്മിക നിഷ്ഠ അഥവാ ആദ്ധ്യാത്മിക മാർഗം. അറ്റു തരത്തിൽ പറഞ്ഞാൽ, സായീഭക്തരെ സംബന്ധിച്ചിടത്തോളം, സേവ എന്നത് യോഗമാണ്(Service is Yoga); സേവ എന്നത് ആദ്ധ്യാത്മിക അച്ചടക്കമാണ്. ആദ്ധ്യാത്മികമാർഗം എന്നാൽ നാമജപം, ഒരു നാമം ജപിക്കുക അഥവാ കുറച്ചുനേരം തന്നത്താനെ ധ്യാനിക്കുക എന്നതല്ല ഉദ്ദേശിക്കുന്നത്. കേവലം അതല്ല ഇതിനർത്ഥം.

ഏറ്റവും സുപ്രധാനമായ കാര്യം സേവയാണ്, ഈ സേവയാണ് യഥാർത്ഥത്തിലുള്ള യോഗം. യോഗം എന്നത് ആദ്ധ്യാത്മികപാതയാണ്, ആദ്ധ്യാത്മിക അച്ചടക്കമാണ്. അതുകൊണ്ട്, സേവയെന്നത് നിങ്ങളെ സ്വാമിയിലേക്ക് കൊണ്ടുപോവുന്ന മാർഗമാണ്.



ഒരു വിദ്യാർത്ഥിയുടെ ഈ ആമുഖത്തോടെയാണ് സെമിനാർ ആരംഭിച്ചത്: "സ്വാമി ഞങ്ങളുടെ സേവാ പ്രവൃത്തികളിൽ വളരെ ആകൃഷ്ടനാണ്. അതിനാൽ ഈ സെമിനാറിന്റെ ശീർഷകം 'സേവയും യോഗവും' എന്നാണ്. എന്താണ് യോഗം? യോഗമെന്നത് അന്വേഷിയെയും ഈശ്വരനെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ്. നിങ്ങളെ ഈശ്വരനുമായി ബന്ധിപ്പിക്കുന്ന കണ്ണി ഭക്തിയാണെങ്കിൽ, അത് **ഭക്തിയോഗ**മാണ്. നിങ്ങളെ ഈശ്വരനുമായി ബന്ധിപ്പിക്കുന്ന കണ്ണി ജ്ഞാനമാണെങ്കിൽ, അത് **ജ്ഞാനയോഗ**മാണ്. പ്രവൃത്തിയാണ് നിങ്ങളെ ഈശ്വരനുമായി ബന്ധിപ്പിക്കുന്ന കണ്ണിയെങ്കിൽ, അത് **കർമയോഗ**മാണ്. നിങ്ങളെ ഈശ്വരനുമായി ബന്ധിപ്പിക്കുന്ന കണ്ണി പരിശുദ്ധപ്രേമമാണെങ്കിൽ, അത് **പ്രേമയോഗ**മാണ്. നിങ്ങളെ ഈശ്വരനുമായി ബന്ധിപ്പിക്കുന്ന കണ്ണി ധ്യാനമാണെങ്കിൽ, അത് **ധ്യാനയോഗ**മാണ്. ലളിതമായി പറയുകയാണെങ്കിൽ, യോഗമെന്നത് അന്വേഷിയെയും ഈശ്വരനെയും ബന്ധിപ്പിക്കുന്ന കണ്ണിയാണ്".

“ഇവിടെ, ഞങ്ങളെ സംബന്ധിച്ചിടത്തോളം, സേവയെന്നത് യോഗമാണ്. സേവ ചെയ്യുന്നവനെയും ഈശ്വരനെയും ബന്ധിപ്പിക്കുന്ന കണ്ണിയാണത്.”

“ഭഗവാൻ അരുളിയിരിക്കുന്നു, *നിങ്ങൾ നിങ്ങളുടെ സേവ ഈശ്വരന് സമർപ്പിക്കുകയാണെങ്കിൽ, ഓരോ കാര്യവും യോഗം തന്നെ.*”

“ഓ ഭഗവൻ! എന്റെ സകല പ്രവൃത്തികളും
അവിടുത്തേക്ക് സന്തോഷപ്രദമാവണമേ.
ഞാനെന്റെ കർമഫലമൊക്കെ
അവിടുന്നിന് സമർപ്പിക്കുന്നു.”

“നിങ്ങൾ അത് ചെയ്യുകയാണെങ്കിൽ, നിങ്ങൾ എന്തുതന്നെ ചെയ്താലും, അത് യോഗമാവും. അപ്പോൾ, സ്വാമി അരുളുന്നതുപോലെ, പ്രവൃത്തി ആരാധനയായി പരിണമിക്കുന്നു.” ഈ ആമുഖവാക്കുകളോടെ സെമിനാർ തുടങ്ങുകയായി.

## **പുണ്യദിനങ്ങൾ(HOLY DAYS) – അവധിദിനങ്ങളല്ല(NOT HOLIDAYS)**

പ്രസന്റേഷനുകളിൽനിന്ന് ഞാൻ കുറച്ച് ഉദ്ധരണികൾ ശേഖരിക്കുകയുണ്ടായി. ഇതിലെ പ്രധാന വസ്തുതകൾ അഥവാ അവിടെ പറയപ്പെട്ടതിന്റെ സംഗ്രഹം, സാരം അഥവാ



സത്ത ഞാൻ നിങ്ങളുമായി പങ്കിടാം.

വാസ്തവം പറഞ്ഞാൽ, ലോകമെമ്പാടും, വിദ്യാർത്ഥികൾക്ക് വെക്കേഷൻ സമയത്ത് അവരവരുടെ വീട്ടിൽ പോവുന്നതിന് താത്പര്യമാണ്. സാധാരണയായി അവർ വീട്ടിൽ പോവുന്നതിന് കാരണം, അവർക്ക് അവരുടെ രക്ഷിതാക്കളെ നഷ്ടമാവുന്നതുകൊണ്ടാണ്. അവർക്ക് അവരുടെ സഹോദരിമാരെ, സഹോദരന്മാരെ നഷ്ടമാവുന്നു, അവർക്ക് വീട്ടു

പാചകം നഷ്ടമാവുന്നു. ലോകമെമ്പാടും, വിദ്യാർത്ഥികൾ ഒഴിവുകാലത്ത് തിരികെ പോവുന്നതിന് ഇഷ്ടമുള്ളവരാണ്.

ശ്രീ സത്യസായി യൂണിവേഴ്സിറ്റി തികച്ചും അസാധാരണമാണ്. അത് തികച്ചും പ്രത്യേക തയുള്ളതാണെന്ന് പറയാനുള്ള കാരണം, വിദ്യാർത്ഥികൾ ഒഴിവുകാലത്ത് അവരുടെ വീട്ടിൽ പോവുന്നതിന് ആഗ്രഹിക്കുന്നില്ല എന്നതാണ്. സ്വാമിക്കൊപ്പം കഴിയുന്നതാണ് അവർക്ക് ഇഷ്ടം. ഒരിക്കൽപ്പോലും വീട്ടിൽ പോവാത്ത വിദ്യാർത്ഥികളുണ്ടെന്ന് ഞാൻ പറയുമ്പോൾ ഒരുപക്ഷേ നിങ്ങൾ വിശ്വസിക്കില്ല. കൊല്ലങ്ങളായി അവർ ഇവി ടെത്തന്നെയാണ്; അവർ പറയുന്നത്, ‘‘സ്വാമിയാണ് ഞങ്ങൾക്ക് എല്ലാം’’ എന്നാണ്. അതു കൊണ്ട്, വീട്ടിൽ പോകുന്നതിനു പകരം അവരുടെ രക്ഷിതാക്കൾ അവരെ കാണുന്നതി നായി ഇടയ്ക്കിടെ ഇങ്ങോട്ടു വരികയാണ്. ഇതാണ് സംഭവിക്കുന്നത്.

മറ്റെല്ലായിടത്തും, വിദ്യാർത്ഥികൾ ഒഴിവുകാലത്ത് വിശ്രമിക്കാനാണ് ഇഷ്ടപ്പെടുന്നത്, എന്തുകൊണ്ടെന്നാൽ ടേം കാലയളവിൽ അവർ പാഠ്യപ്രവർത്തനങ്ങളുമായി അത്രയ്ക്ക് തിരക്കിലാവും. സ്വാമിയുടെ അഭിപ്രായപ്രകാരം, വിശ്രമം എന്നത് ഇളവല്ല. വിശ്രമം എന്നത് അലസമായി സമയം ചെലവിടുന്നതല്ല. വിശ്രമം എന്നത്, സ്വാമിയുടെ അഭിപ്രായ പ്രകാരം, ജോലിയിലെ മാറ്റമാണ്.



അതിനാൽ ഇക്കൊല്ലം, ഒഴിവുകാലത്ത്, പുട്ടപർത്തിക്ക് ചുറ്റുമുള്ള അയൽഗ്രാമങ്ങളിൽ ഗ്രാമസേവ അഥവാ ഒരു ഗ്രാമീണ സേവാ പദ്ധതി ഏറ്റെടുക്കുന്നതിന് ഭഗവാൻ അവരെ അനുഗ്രഹിക്കുകയുണ്ടായി. അതുകൊണ്ട് ഈ ദിനങ്ങൾ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അവധിദിനങ്ങളാ(holidays)യിരുന്നില്ല. മറ്റുതരത്തിൽ പറഞ്ഞാൽ, ഇവ പുണ്യദിനങ്ങളാ(holydays)യിരുന്നു.

അക്കാലത്താണ്, ഒക്ടോബർ 28 മുതൽ ഒക്ടോബർ 30 വരെ വൈസ്-ചാൻസലർമാരുടെ അഖിലേന്ത്യാ കോൺഫറൻസ് നടക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും(UGC) എല്ലാ യൂണിവേഴ്സിറ്റികളുടെയും വകുപ്പ് മേലദ്ധ്യക്ഷൻമാരും, നിരവധി പേർ, ഇതിൽ പങ്കെടുക്കുകയുണ്ടായി. ഹോസ്റ്റലുകളും വിദ്യാർത്ഥികളും, ക്ലാസ്സ്മുറികളും ലബോറട്ടറികളും ഒക്കെ കണ്ട് അവർ സ്തബ്ധരും ആവേശഭരിതരുമായിപ്പോയി. ഇവിടെ ചെയ്തുവച്ചിരിക്കുന്നതൊക്കെയും അവർ അഭിനന്ദിക്കുകയുണ്ടായി. നമ്മുടെ എല്ലാ സായീഭക്തരമായും ഈ വിവരം പങ്കുവയ്ക്കുന്നതിന് ഞാൻ തീരുമാനിച്ചു, ഇത് നിങ്ങൾക്ക് എന്തെങ്കിലും സഹായം ആവുമെന്ന ചിന്തയോടെ.

## 12-ാം വയസ്സിലെ ഭഗവാന്റെ സന്ദേശം

ഏറെക്കാലം മുമ്പ്, ഭഗവാന് 12 വർഷം മാത്രം പ്രായമുള്ളപ്പോൾ ഭഗവാൻ ഒരു കവിതയുടെ രൂപത്തിൽ അവതരിപ്പിച്ചതാണ് താഴെപ്പറയുന്ന വരികൾ.

ഒന്ന്: “എന്റെ നിശ്ചയം എന്താണെന്നോ? സമസ്ത മാനവരാശിക്കും ആനന്ദം പകരാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്. അതാണെന്റെ നിശ്ചയം.”

രണ്ട്: “ഞാനെടുത്തിട്ടുള്ള പ്രതിജ്ഞ എന്താണെന്നോ, പ്രതിജ്ഞ എന്താണെന്നോ? ആളുകളെ അവർ ഇന്നുവരെ ചരിച്ച ദുഷിച്ച മാർഗത്തിൽനിന്നും പിന്തിരിപ്പിച്ച്, അവരെ ശരിയായ ട്രാക്കിൽ എത്തിക്കുക എന്നതാണ്. അവർ ശരിയായ മാർഗത്തിലാണെന്നും അവർ ഇനി മുതൽക്ക് ധാർമികജീവിതം നയിക്കുമെന്നും ഞാൻ ഉറപ്പാക്കിയിരിക്കും.”

മൂന്ന്: “ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്നത് എന്താണെന്നോ? ക്ലേശനിവാരണമാണ് ഞാൻ ഇഷ്ടപ്പെടുന്നത്; പാവപ്പെട്ടവരെയും അർഹരായവരെയും സേവിക്കുമ്പോൾ അവരുടെ മുഖത്തെ പുഞ്ചിരി കാണുന്നതിന് ഞാൻ ഇഷ്ടപ്പെടുന്നു. അതാണ് ഞാൻ ഇഷ്ടപ്പെടുന്നത്.”

നാല്: “എന്തു തരത്തിലുള്ള ഭക്തിയാണ് നിങ്ങൾക്കുവേണ്ടത്? യഥാർത്ഥ ഭക്തിയെന്നത് സുഖത്തിലും ദു:ഖത്തിലും സമചിത്തത പുലർത്തുക എന്നതാണ്.”

12–ാം വയസ്സിൽ അവിടുന്ന് ചൊല്ലിയ കവിതയുടെ സാരം ഇതാണ്.

## മാനവസേവ മാധവസേവ

അതുകൊണ്ട്, ഭഗവാന്റെ ജീവിതം ഒരു സന്ദേശമാണ്. അവിടുന്ന് സേവയുടെയും




നിസ്വാർത്ഥപ്രേമത്തിന്റെയും ആൾരൂപമാണ്. വാസ്തവത്തിൽ, എന്തുതന്നെയായാലും സ്വാമിക്ക് യാതൊരു ആശകളുമില്ല. സ്വാമിക്ക് ഒന്നും നേടാനായി ഇല്ല, എന്തുകൊണ്ടെന്നാൽ എല്ലാം അവിടുത്തേതാണ്. ഒന്നും അവിടുന്നിൽനിന്ന് വിഭിന്നമല്ല. സകല സ്വത്തുക്കളും, സകല ധനവും, ലോകമെമ്പാടുമുള്ള സമസ്ത മാനവരാശിയും, അവിടുത്തേതാണ്. നാം അവിടുത്തേതാണ്, അവിടുന്ന് നമ്മുടേതാണ്. ഇരുവർക്കുമിടയിൽ തടസ്സങ്ങളൊന്നുമില്ല. അവിടുന്നിന് എന്താണ് ആഗ്രഹമുള്ളത്, കാരണം എല്ലാം അവിടുന്നിന് സ്വന്തം! അവിടുന്നിന് ആഗ്രഹങ്ങളില്ല; നേടാനായി ഒന്നുംതന്നെയില്ല.




ഭഗവത്ഗീതയിൽ, ഭഗവാൻ കൃഷ്ണൻ അർജ്ജുനനോട് പറയുന്നു, “ഇവിടെ നോക്കൂ, എന്റെ കുട്ടീ, ഞാനാണ് എല്ലാം ചെയ്യുന്നത്, എനിക്ക് യാതൊന്നും ചെയ്യേണ്ടതായി ഇല്ലെങ്കിലും. നിങ്ങൾ എന്നെ അനുകരിച്ചേക്കും എന്നു കരുതിയാണ് ഞാൻ ഇതൊക്കെ ചെയ്യുന്നത്. ഞാൻ വിശ്രമത്തിലാണെങ്കിൽ, നിങ്ങൾ അലസരാവും. എല്ലാവർക്കും ദൃഷ്ടാന്തമാവാൻ ഞാനാഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഞാൻ പ്രവൃത്തി ചെയ്യുന്നത്, എനിക്കൊന്നും നേടാനായി ഇല്ലെങ്കിലും. എനിക്ക് ആശകളൊന്നും ഇല്ല.”

ഇതെപ്പറ്റി ഭഗവാൻ വ്യക്തമായി പറയുന്നു, “മാനവസേവയെന്നത് മാധവസേവയാണ്( Service to man is service to God)”. സ്വാമി ഇപ്രകാരവും അരുളുന്നു, “ഈ മനുഷ്യശരീരം മാനവസേവയ്ക്കായിട്ടാണ്.” ഭഗവാന്റെ മുഴുവൻ ജീവിതവും സേവയുടെ ചിത്രീകരണത്തിന്റെ മികച്ച ദൃഷ്ടാന്തമാണ്. അത് ദാനത്തിന്റെയും ക്ഷമയുടെയും നിരന്തര വീരകഥയാണ്.

അതുകൊണ്ടാണ് സ്വാമി അരുളുന്നത്,

*എവിടെയാണോ ആത്മവിശ്വാസമുള്ളത്,*
*അവിടെ പ്രേമമുണ്ട്.*
*എവിടെയാണോ പ്രേമമുള്ളത്,*
*അവിടെ വിശ്വാസമുണ്ട്.*
*എവിടെയാണോ വിശ്വാസമുള്ളത്,*
*അവിടെ ശാന്തിയുണ്ട്.*
*എവിടെയാണോ ശാന്തിയുള്ളത്,*
*അവിടെ സത്യമുണ്ട്.*
*എവിടെയാണോ സത്യമുള്ളത്,*
*അവിടെ ആനന്ദമുണ്ട്.*

*എവിടെയാണോ ആനന്ദമുള്ളത്,*
*അവിടെ ഈശ്വരനുണ്ട്.*

അതുകൊണ്ട്, ജീവിതം ആത്മവിശ്വാസത്തിൽ ആരംഭിക്കുന്നു, ഈശ്വര ദർശനത്തിൽ, അനുഭവത്തിൽ അവസാനിക്കുന്നു.

പ്രശാന്തിനിലയത്തിലെ ഒരു ദിവസത്തെ കാര്യക്രമം നാം പിന്തുടർന്നാൽ, നമുക്കറിയാം സ്വാമി ദർശനം നൽകുന്നു, സദാ പുഞ്ചിരിക്കുന്നു, ആളുകളെ സാന്ത്വനിപ്പിക്കുന്നു, ആളുകളെ ആശ്വസിപ്പിക്കുന്നു, അവരെ ഉപദേശിക്കുന്നു. അവിടുന്ന് ദിവസം മുഴുവനും വളരെ വളരെ തിരക്കിലാണ്. അവിടുന്ന് ആൺകുട്ടികളോട് സംസാരിക്കുന്നു, മധുരം, പഴങ്ങൾ ഒക്കെ വിതരണം നടത്തുന്നു. അവിടുത്തെ ഓരോ നിമിഷവും ഓരോരുത്തർക്കും സന്തോഷവും ആനന്ദവും പകരാനായി, സേവയ്ക്കായി ചെലവഴിക്കപ്പെടുന്നു. നമ്മുടെ ജീവിതത്തിലും ഇത് അനുകരിക്കണമെന്ന് ഞാൻ കരുതുന്നു.

സ്വാമിയുടെ കരങ്ങൾക്കോ അവിടുത്തെ ശരീരത്തിനോ ക്ലേശം എന്തെന്ന് അറിയില്ല. അതിന് ക്ഷീണം എന്തെന്ന് അറിയില്ല. ദിവസം നീളെയുള്ള പ്രയത്നത്തിനുശേഷവും, സ്വാമിയുടെ ഭൗതികശരീരം ഒരിക്കലും തളരുകയോ ക്ഷീണിക്കുകയോ ചെയ്യാറില്ല, എന്തുകൊണ്ടെന്നാൽ, അവിടുത്തെ പ്രേമം എല്ലാത്തിനെയും അതിക്രമിക്കുന്നു. അവിടുത്തെ പ്രേമം അതിശയിക്കുന്നു. അവിടുത്തെ പ്രേമം, രാവും പകലും അവിടുന്ന് ചെയ്യുന്ന ക്ലേശഭരിതമായ, ക്ഷീണിപ്പിക്കുന്ന, കഠിനമായ പ്രവൃത്തിയെ അതിശയിക്കുന്നു.

## ഗ്രാമസേവയ്ക്കുള്ള സ്വാമിയുടെ നിർദ്ദേശങ്ങൾ

മുഴുവൻ ഗ്രാമവികസന പരിപാടിയും പതിനഞ്ച് ദിവസങ്ങൾക്കുള്ളിലാണ് പൂർത്തിയാക്കിയത്. അത് അത്രയ്ക്കും ആശ്ചര്യകരമായ, മഹനീയമായ, അത്ര വലിയ തോതിലുള്ള ഒരു പരിപാടിയായിരുന്നു. മൂവായിരം വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു, അറുനൂറ് ഗ്രാമങ്ങളും അഞ്ച് ടൗണുകളും ഉൾപ്പെട്ടു. 50 ലോറികൾ, 50 ട്രക്കുകൾ ഇവ വിവിധ ഗ്രാമങ്ങളിലേക്ക് സാധനങ്ങൾ കൊണ്ടുപോവുന്നതിനായി ഒരാഴ്ചക്കാലം വേണ്ടിവന്നു. ഈ ആൺകുട്ടികൾ ട്രക്കുനിറയെ ആഹാരസാധനങ്ങളും വസ്ത്രങ്ങളും, ചിലപ്പോൾ കാൽനടയായും-കാരണം, ചില ഗ്രാമങ്ങളിലേക്ക് അപ്രോച്ച് റോഡുകൾ ഇല്ലായിരുന്നു-വിവിധ ഗ്രാമങ്ങളിലേക്ക് കൊണ്ടുപോയി. ഇത് നിസ്സാരമായ ഒരു കാര്യമോ കളിയോ അല്ല.

ഭഗവാൻ അവരോട് വ്യക്തമായി അരുളി, "ഇവിടെ നോക്കൂ, ആദ്യമായി, ദരിദ്രരായ ആളുകൾക്ക്, പ്രായംചെന്നവർക്ക്, ആവശ്യക്കാർക്ക്, വിതരണം ചെയ്യണം. കുടുംബത്തിലെ ഓരോ അംഗത്തിനും ആഹാരവും സ്വാമിയുടെ പ്രസാദവും വസ്ത്രവും ലഭിക്കണം".



ഗ്രാമസേവയ്ക്കായി ട്രക്കുകൾ പ്രശാന്തിനിലയത്തിൽനിന്നും പുറപ്പെടുന്നു

വീണ്ടും അവിടുന്ന് അരുളി, "ആൺകുട്ടികൾക്ക് പാന്റ്സും ഷർട്ടും നൽകണം, പെൺകുട്ടികൾക്ക് ഫ്രോക്ക് നൽകണം, ഗ്രാമത്തിലെ പുരുഷന്മാർക്ക് മുണ്ട് നൽകണം, പ്രായമായ സ്ത്രീകൾക്ക് സാരിയും. ഓരോരുത്തർക്കും വസ്ത്രങ്ങൾ വിതരണം ചെയ്യണം." അവിടുന്ന് സ്കൂൾ കുട്ടികൾക്ക് നൽകുന്നതിനായി പേനകൾ, പെൻസിലുകൾ, നോട്ട് ബുക്കുകൾ ഒക്കെ നൽകുകയുണ്ടായി. ശരിക്കും, കുട്ടികളെ സംബന്ധിച്ച് അതിശയകരമായിരുന്നു ഇത്.

ഗ്രാമത്തിന്റെ ഒരു ഭാഗത്തുനിന്ന് വേദജപത്തോടെ ആരംഭിച്ച്, ഗ്രാമം മുഴുവനും നഗരസങ്കീർത്തനം നടത്തുന്നതിനും അതിനുശേഷം പ്രസാദവും വസ്ത്രങ്ങളും വിതരണം ചെയ്യുന്നതിനും ഭഗവാൻ നിർദ്ദേശം നൽകുകയുണ്ടായി. തത്ഫലമായി, മുഴുവൻ ഗ്രാമവും

നഗരസങ്കീർത്തനത്തിന്റെ അനുരണനങ്ങളാൽ, ബാബയുടെ നാമം എങ്ങും പ്രതിധ്വനിപ്പിച്ചു. ഫലമോ, പൂർണതോതിലുള്ള ഭക്തി, ആത്മാർത്ഥത, സ്ഥൈര്യം ഇവയും.



ഗ്രാമസേവയ്ക്കായി കുട്ടികൾ പ്രശാന്തിനിലയത്തിൽനിന്നും പുറപ്പെടുന്നത് നോക്കിനിൽക്കുന്ന ഭഗവാൻ



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)